## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3849

15.03.2017 ൽ മറുപടിക്ക്

### വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ വൻതുക വാടകയിനത്തിൽ നൽകിയാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ അധീനതയിലുള്ള താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ മിതമായ നിരക്കിൽ വാടക നൽകി മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. മൈനിംഗ് & ജിയോളജി വകുപ്പിൽ കൊല്ലം, വയനാട് ജില്ലാ ഓഫീസുകൾ മാത്രമാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് ആയതിന് പി.ഡബ്ല്യു.ഡി. നിശ്ചയിച്ച നിരക്കിൽ മാത്രമേ വാടക നൽകുന്നുള്ളൂ. |
| (ബി) വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും സാമ്പത്തിക, സമയ ലാഭവും പരിഗണിച്ച് വ്യവസായ വകുപ്പിന്റെ തന്നെ ഭൂമിയിലോ സർക്കാർ കണ്ടെത്തുന്ന സൗകര്യപ്രദമായ സ്ഥലത്തോ വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിക്കത്തക്കവിധം ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഇത്തരത്തിൽ ഓഫീസ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ